ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 16.09.2026** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. ആഗോള സെമി കണ്ടക്ടർ മേളയായ 'സെമികോൺ ഇന്ത്യ 2026' പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ ന്യൂഡൽഹിയിൽ ഉദ്ഘാടനം ചെയ്യും

   **Prime Minister Narendra Modi will inaugurate 'Semicon India 2026', a global semiconductor event, in New Delhi tomorrow.**

2. എംപ്ലോയീസ് പ്രോവിഡൻറ് ഫണ്ട് പദ്ധതിക്കായുള്ള തൊഴിലാളികളുടെ പ്രതിമാസവേതന പരിധി 15,000 രൂപയിൽ നിന്ന് 25,000 രൂപയായി ഉയർത്താൻ കേന്ദ്ര മന്ത്രിസഭാ യോഗ തീരുമാനം

   **The Union Cabinet has decided to enhance the wage ceiling for mandatory coverage under the Employees' Provident Fund Organisation (EPFO) from 15 thousand rupees to 25 thousand rupees per month**

3. ഒരു മാസം നീളുന്ന 'സ്വച്ഛത ഹി സേവ 2026' ക്യാമ്പയിന് രാജ്യത്ത് നാളെ തുടക്കം, പ്രധാനമന്ത്രി നരേന്ദ്രമോദി, ഭരണനേതൃത്വത്തിൽ 25 വർഷങ്ങൾ

പൂർത്തിയാക്കുന്നതിന്റെ സേവ സങ്കൽപ് അഭിയാനും നാളെ തുടക്കമാകും

**The month-long 'Swachhata Hi Seva 2026' campaign kicks off nationwide tomorrow; the 'Seva Sankalp Abhiyan'—marking Prime Minister Narendra Modi's completion of 25 years in governance—will also begin tomorrow.**

4. 2024 ലെ ദാദാ സാഹിബ് ഫാൽക്കെ അവാർഡ് കന്നഡ നടൻ അനന്ത് നാഗിന്, അഭിനന്ദനം അറിയിച്ച് പ്രധാനമന്ത്രി

**Kannada actor Anant Nag to receive the 2024 Dadasaheb Phalke Award; the Prime Minister has extended his congratulations.**

5. കേരളത്തിൽ വെള്ള, നീല റേഷൻകാർഡുകൾക്കുള്ള അരി വിഹിതം വർധിപ്പിക്കുന്ന കാര്യം പരിഗണനയിലെന്ന് മന്ത്രി അനൂപ് ജേക്കബ്.

**Minister Anoop Jacob stated that the government is considering increasing the rice allocation for white and blue ration cardholders in Kerala.**

6. അന്താരാഷ്ട്ര സമുദ്രമേഖലയിൽ ഇന്ത്യൻ നാവികസേനാ കപ്പലിൽ പാകിസ്ഥാൻ നാവികസേനാ കപ്പൽ ഇടിച്ച സംഭവത്തിൽ ശക്തമായ പ്രതിഷേധം രേഖപ്പെടുത്തി ഇന്ത്യ.

**India has lodged a strong protest regarding the incident where a Pakistan Navy vessel collided with an Indian Navy ship in international waters.**

## PM – SEMICON INDIA

ആഗോള സെമി കണ്ടക്ടർ മേളയായ 'സെമികോൺ ഇന്ത്യ 2026' പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ ന്യൂഡൽഹിയിലെ യശോഭൂമിയിൽ ഉദ്ഘാടനം ചെയ്യും. സെമികണ്ടക്ടർ മേഖലയിൽ ആഗോള തലത്തിൽ പ്രവർത്തിക്കുന്നവരെ ഒരു കുടക്കീഴിൽ കൊണ്ടുവരുന്നതിലൂടെ സംയോജിത പ്രവർത്തനവും, ശേഷി വർദ്ധനയും ഉറപ്പുവരുത്തുകയാണ് മൂന്ന് ദിവസത്തെ മേളയുടെ ലക്ഷ്യം. 600-ലധികം പ്രദർശകരും 300-ഓളം അന്താരാഷ്ട്ര കമ്പനികളും 40-ലധികം രാജ്യങ്ങളിൽ നിന്നുള്ള പ്രതിനിധി സംഘങ്ങളും പരിപാടിയിൽ പങ്കെടുക്കും. സ്റ്റാർട്ടപ്പുകൾക്കായി പ്രത്യേക പവലിയനും മേളയിൽ ഒരുക്കിയിട്ടുണ്ട്.

## CABINET – EPFO (INTRO)

എംപ്ലോയീസ് പ്രോവിഡൻറ് ഫണ്ട് പദ്ധതിക്കായുള്ള തൊഴിലാളികളുടെ പ്രതിമാസ വേതനപരിധി 15,000 രൂപയിൽ നിന്ന് 25,000 രൂപയായി ഉയർത്താൻ കേന്ദ്ര മന്ത്രിസഭാ യോഗ തീരുമാനം. ഇതിലൂടെ

51 ലക്ഷത്തിലധികം ജീവനക്കാർ കൂടി EPFO പരിരക്ഷയുടെ പരിധിയിൽ വരുമെന്ന് കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ് മന്ത്രിസഭാ യോഗ തീരുമാനങ്ങൾ വിശദീകരിക്കവെ വാർത്താസമ്മേളനത്തിൽ പറഞ്ഞു. *(വോയിസ്)*

പ്രതിവർഷം ഏകദേശം 11,339 കോടി രൂപയുടെ അധിക ചെലവ് വരുമെന്നാണ് കണക്കാക്കുന്നത്. 2004 മുതൽ 2014 വരെയുള്ള കാലത്ത് EPFO-യുടെ വേതനപരിധിയിൽ മാറ്റമുണ്ടായിരുന്നില്ലെന്നും 2014 സെപ്റ്റംബറിൽ ഇത് 15,000 രൂപയാക്കി ഉയർത്തുകയായിരുന്നുവെന്നും ശ്രീ. അശ്വിനി വൈഷ്ണവ് അറിയിച്ചു.

❁❁❁❁❁❁❁❁❁❁❁❁❁

**SITHARAMAN–TAX POLICY**

നികുതി സംബന്ധമായ നിർദേശങ്ങൾ സമർപ്പിക്കുമ്പോൾ ഇളവുകൾ, ആനുകൂല്യങ്ങൾ എന്നിവ ആവശ്യപ്പെടുന്നതിന് ഉപരിയായി രാജ്യതാൽപര്യത്തിന് മുൻഗണന നൽകണമെന്ന് കേന്ദ്ര ധനമന്ത്രി നിർമല സീതാരാമൻ. ബെംഗളൂരുവിൽ ഇന്റർനാഷണൽ ടാക്സ് റിസർച്ച് ആൻഡ് അനാലിസിസ് ഫൗണ്ടേഷൻ സംഘടിപ്പിച്ച ദ്വിദിന സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു ധനമന്ത്രി. സ്വതന്ത്ര നികുതി നയ ഗവേഷണം പൊതുചർച്ചയുടെ ഭാഗമാക്കണമെന്ന് ശ്രീമതി നിർമല സീതാരാമൻ ആഹ്വാനം ചെയ്തു.

❁❁❁❁❁❁❁❁❁❁❁❁❁

## ANANT NAG- PHALKE AWARD

2024 ലെ ദാദാ സാഹിബ് ഫാൽക്കെ അവാർഡ് കന്നഡ നടൻ അനന്ത് നാഗിന് സമ്മാനിക്കും. ഗുജറാത്തിലെ കെവാഡിയയിൽ ഈ മാസം 22 ന് നടക്കുന്ന 72 -ാമത് ദേശീയ ചലച്ചിത്ര പുരസ്ക്കാര വിതരണ ചടങ്ങിൽ അവാർഡ് സമ്മാനിക്കുമെന്ന് കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ മന്ത്രാലയം അറിയിച്ചു. അനന്ത് നാഗിനെ പ്രധാനമന്ത്രി നരേന്ദ്ര മോദി അഭിനന്ദിച്ചു. അനായാസമായ അഭിനയത്തിലൂടെയും വൈവിധ്യമാർന്ന കഥാപാത്രങ്ങളിലൂടെയും ഇന്ത്യൻ സിനിമയിൽ ശക്തമായ മുദ്ര പതിപ്പിച്ച നടനാണ് അനന്ത് നാഗെന്ന് അദ്ദേഹം സമൂഹ മാധ്യമത്തിൽ കുറിച്ചു.

## SWACHHATA HI SEVA (INTRO)

'സ്വച്ഛത ഹി സേവ 2026' ക്യാമ്പയിന് രാജ്യത്ത് നാളെ തുടക്കമാകും. പൊതുവിടങ്ങളുടെ ശുചീകരണം, ശുചീകരണ പ്രവർത്തനങ്ങളിലെ യുവജന പങ്കാളിത്തം എന്നിവ ലക്ഷ്യമിട്ട് ഒക്ടോബർ 17 വരെയാണ് രാജ്യവ്യാപകമായി ക്യാമ്പയിൻ സംഘടിപ്പിക്കുന്നത്.

*വിശദാംശങ്ങളിലേക്ക്...*
*(വോയിസ്)*

## SWACHHATA HI SEVA (VOICE)

സ്വച്ഛ് ഭാരത് ദൗത്യത്തിൻറെ ഭാഗമായി 2017 മുതലാണ് രാജ്യത്ത് സ്വച്ഛത ഹി സേവ ക്യാമ്പെയിൻ സംഘടിപ്പിച്ചു വരുന്നത്. ശുചിത്വത്തിനായി ജനപങ്കാളിത്തം, സ്വച്ഛ് ഭാരതം, വികസിത ഭാരതം എന്നതാണ് ഈ വർഷത്തെ പ്രമേയം. ശുചിത്വം ഉറപ്പാക്കിയുള്ള വികസിത ഇന്ത്യ എന്ന കാഴ്ചപ്പാട് സാക്ഷാത്കരിക്കുന്നതിൽ കൂട്ടായ പങ്കാളിത്തത്തിന്റെയും ഉത്തരവാദിത്തത്തിന്റെയും പ്രാധാന്യം ഇത് എടുത്തുകാണിക്കുന്നു. ഗാന്ധി ജയന്തി ദിനമായ ഒക്ടോബർ 2-ന്, നഗര തദ്ദേശ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ പൊതുസ്ഥലങ്ങളിൽ പ്രത്യേക ശുചിത്വ യജ്ഞങ്ങൾ സംഘടിപ്പിക്കും. ഏക് പേഡ് മാ കെ നാം സംരംഭത്തിൻറെ ഭാഗമായ വൃക്ഷത്തൈ നടീലും ഇതോടനുബന്ധിച്ച് സംഘടിപ്പിക്കും. പ്രധാനമന്ത്രി നരേന്ദ്ര മോദി ഭരണ നേതൃത്വത്തിൽ 25 വർഷം പൂർത്തിയാകുന്നതിന്റെ ഭാഗമായി ഒക്ടോബർ 7-ന് പ്രത്യേക ശുചിത്വ പരിപാടികൾ സംഘടിപ്പിക്കാൻ സംസ്ഥാനങ്ങളോട് നിർദ്ദേശിച്ചിട്ടുണ്ട്.

*ന്യൂസ് ഡസ്ക് ആകാശവാണി...*

## SEWA SNAKALP

പ്രധാനമന്ത്രി നരേന്ദ്ര മോദി ഭരണനേതൃത്വത്തിൽ 25 വർഷം പൂർത്തിയാക്കുന്നതിൻറെ ഭാഗമായി രാജ്യമെമ്പാടും നാളെ മുതൽ ഒരു മാസം നീളുന്ന സേവാ സങ്കൽപ് അഭിയാൻ സംഘടിപ്പിക്കും. കേന്ദ്രമന്ത്രിമാരും കേന്ദ്ര

സർക്കാരിൻറെ പ്രധാന പദ്ധതികളുടെ 200 ഓളം ഗുണഭോക്താക്കളും ചേർന്ന് ഭദ്രദീപം തെളിയിക്കുന്നതോടെ കാമ്പെയിന് തുടക്കമാകും. 'ജനസേവനത്തിലൂടെ രാഷ്ട്രസേവനം' എന്ന ആശയം മുൻനിർത്തി 2047-ഓടെ 'വികസിത ഭാരതം' എന്ന ലക്ഷ്യം കൈവരിക്കാനുള്ള പരിശ്രമങ്ങൾ അനാവരണം ചെയ്യുന്നതാണ് സേവാ സങ്കൽപ്പ് അഭിയാൻ. സംസ്ഥാനത്തും വിപുലമായ പരിപാടികൾ ഇതിൻറെ ഭാഗമായി നടക്കും.

## KERALA CM

കേരളത്തിലേക്കുള്ള നിക്ഷേപങ്ങളിൽ വലിയ മാറ്റങ്ങൾക്ക് വഴിയൊരുക്കുന്ന **സരൾ കേരളം** പദ്ധതിക്ക് അംഗീകാരം നൽകി സംസ്ഥാന മന്ത്രിസഭാ യോഗം. നിക്ഷേപ നടപടിക്രമങ്ങൾ ഏകോപിപ്പിച്ച് ലളിതവൽക്കരിക്കുകയാണ് പുതിയ പദ്ധതി ലക്ഷ്യമിടുന്നതെന്ന് മന്ത്രിസഭായോഗ തീരുമാനങ്ങൾ വിശദീകരിക്കവേ മുഖ്യമന്ത്രി വി ഡി സതീശൻ പറഞ്ഞു. വൈദ്യുതി പ്രതിസന്ധി പരിഹരിക്കുന്നതിന് പുതിയ വൈദ്യുതി നയം രൂപീകരിക്കുമെന്നും സംസ്ഥാനത്തെ വൈദ്യുതി പ്രതിസന്ധിക്ക് ഒരാഴ്ചക്കുള്ളിൽ പരിഹാരം കാണുമെന്നും അദ്ദേഹം അറിയിച്ചു.

**KSEB**

കേരളത്തിൽ ഇന്ന് രാത്രിയും വൈദ്യുതി മുടങ്ങാൻ സാധ്യതയെന്ന് കെ.എസ്.ഇ.ബി. രാത്രി 12:45 വരെയായിരിക്കും നിയന്ത്രണം.

**K-STORE**

കേരളത്തിലെ വെള്ള, നീല റേഷൻകാർഡ് ഉടമകൾക്കുള്ള അരി വിഹിതം അഞ്ച് കിലോവരെ വർധിപ്പിക്കുന്ന കാര്യം പരിഗണനയിലെന്ന് മന്ത്രി അനൂപ് ജേക്കബ്. ഗ്രാമീണ ബാങ്ക് സേവനങ്ങൾ കൂടി റേഷൻകടകളിൽ ഏർപ്പെടുത്തുന്നതിൻറെ സാധ്യത പരിഗണനയിലുണ്ടെന്നും മന്ത്രി അറിയിച്ചു.

**CMFRI(INTRO)**

അറബിക്കടലിൽ നിന്ന് പുതിയ ഇനം ഈൽ മത്സ്യത്തെ കണ്ടെത്തി. പുതിയ മൽസ്യം ഇനി സിഎംഎഫ്ആർഐയുടെ പേരിൽ അറിയപ്പെടും. കേന്ദ്ര സമുദ്ര മത്സ്യ ഗവേഷണ സ്ഥാപനത്തിലെ ഗവേഷകർക്ക് കൊല്ലം തീരത്ത് ഏകദേശം 300 മീറ്റർ ആഴക്കടലിൽ നിന്നാണ് മത്സ്യത്തെ ലഭിച്ചത്.

***കൂടുതൽ വിവരങ്ങളുമായി ആകാശവാണി എറണാകുളം ജില്ലാ പ്രതിനിധി നഹീമ. പി...***

*(വോയിസ്)*

❁❁❁❁❁❁❁❁❁❁❁❁❁

## HLL – TOLIC AWARD

കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയത്തിന് കീഴിലുള്ള HLL ലൈഫ്കെയർ ലിമിറ്റഡിന് ഔദ്യോഗിക ഭാഷാ നയം മികച്ച രീതിയിൽ നടപ്പാക്കിയതിനുള്ള അംഗീകാരമായി ടോളിക് പുരസ്കാരം ലഭിച്ചു. എച്ച്എൽഎൽ ലൈഫ്കെയർ ലിമിറ്റഡിന്റെ എച്ച്ആർ വൈസ് പ്രസിഡന്റ് ഡോ. രാജേഷ് രാമകൃഷ്ണൻ പുരസ്കാരം ഏറ്റുവാങ്ങി. 2025–26 കാലയളവിലെ പ്രവർത്തനങ്ങൾക്കാണ് പുരസ്കാരം.

❁❁❁❁❁❁❁❁❁❁❁❁❁

## INDIA – PAK NAVAL UNIT

അന്താരാഷ്ട്ര സമുദ്രമേഖലയിൽ ഇന്ത്യൻ നാവികസേനാ കപ്പലിൽ പാകിസ്ഥാൻ നാവികസേനാ കപ്പൽ ഇടിച്ച സംഭവത്തിൽ ഇന്ത്യ ശക്തമായ പ്രതിഷേധം രേഖപ്പെടുത്തി. ന്യൂഡൽഹിയിലെ പാകിസ്ഥാൻ ഹൈക്കമ്മീഷനിലെ ചാർജ് - D അഫയേഴ്സിനെ വിളിച്ചുവരുത്തിയാണ് ഇന്ത്യ അതൃപ്തി അറിയിച്ചത്.

❁❁❁❁❁❁❁❁❁❁❁❁❁

## MEA – MAKKAH DRONE ATTACK

സൗദി അറേബ്യയിലെ മക്കയ്ക്ക് സമീപമുണ്ടായ ഡ്രോൺ ആക്രമണത്തിൽ കടുത്ത ആശങ്ക രേഖപ്പെടുത്തി ഇന്ത്യ. ആക്രമണങ്ങളെയും സാധാരണക്കാരുടെ ജീവനും അടിസ്ഥാന സൗകര്യങ്ങൾക്കും ഭീഷണിയാകുന്ന നടപടികളെയും ഇന്ത്യ ശക്തമായി അപലപിക്കുന്നതായി വിദേശകാര്യ മന്ത്രാലയ വക്താവ് രൺധീർ ജയ്സ്വാൾ അറിയിച്ചു.

## GAZA BUILDING COLLAPSE

ഗസയിൽ ഇസ്രായേൽ ആക്രമണത്തിൽ കേടുപാടുകൾ സംഭവിച്ച ആറ് നില കെട്ടിടം പൂർണ്ണമായി തകർന്നു വീണ് അഞ്ച് കുട്ടികളുൾപ്പെടെ 20 പേർ കൊല്ലപ്പെട്ടു. നൂറോളം പേർ ഇപ്പോഴും അവശിഷ്ടങ്ങൾക്കിടയിൽ കുടുങ്ങിക്കിടക്കുന്നതായാണ് റിപ്പോർട്ട്. രക്ഷാപ്രവർത്തനം പുരോഗമിക്കുന്നു.

## JAISHANKAR – BHUTAN

വിദേശകാര്യ മന്ത്രി എസ്. ജയ്ശങ്കർ ഭൂട്ടാൻ വിദേശകാര്യ മന്ത്രിയുമായി തിമ്പുവിൽ കൂടിക്കാഴ്ച നടത്തി. ഇരുരാജ്യങ്ങളും തമ്മിലുള്ള വിവിധ മേഖലകളിലെ സഹകരണം യോഗത്തിൽ സമഗ്രമായി

വിലയിരുത്തി. വികസന പങ്കാളിത്തം, ഊർജ്ജം, വ്യാപാരം, കണക്റ്റിവിറ്റി, സംസ്കാരം, ജനങ്ങൾ തമ്മിലുള്ള ബന്ധം എന്നിവയിലെ സഹകരണം കൂടുതൽ മുന്നോട്ട് കൊണ്ടുപോകുന്നതിലായിരുന്നു ചർച്ചകൾ കേന്ദ്രീകരിച്ചതെന്ന് ശ്രീ ജയ്ശങ്കർ സമൂഹമാധ്യമത്തിൽ കുറിച്ചു.

❁❁❁❁❁❁❁❁❁❁❁❁❁

## INDIA–BANGLADESH DIESEL SUPPLY

ഇന്ത്യ-ബംഗ്ലാദേശ് സൗഹൃദ പൈപ്പ്ലൈൻ വഴിയുള്ള ഡീസൽ കൈമാറ്റം പൂർത്തിയായി. പൈപ്പ്ലൈൻ വഴി ഇന്ത്യയിൽ നിന്ന് 4,000 മെട്രിക് ടൺ ഡീസൽ ബംഗ്ലാദേശിലെ ദിനാജ് പൂരിലുള്ള പാർബതിപൂർ റിസീവിംഗ് ടെർമിനൽ ഡിപ്പോയിലെത്തിച്ചു. പൈപ്പ്ലൈൻ വഴിയുള്ള 72-ാമത് ഡീസൽ വിതരണമാണിത്.

❁❁❁❁❁❁❁❁❁❁❁❁❁

## VBYLD

വികസിത് ഭാരത് ചലഞ്ചിന്റെ ആദ്യ ഘട്ടമായ 'വികസിത് ഭാരത് ക്വിസ്', നാളെ മുതൽ സെപ്റ്റംബർ 30 വരെ MY Bharat പോർട്ടൽ വഴി നടക്കും. mybharat.gov.in എന്ന വെബ്സൈറ്റ് വഴി രജിസ്റ്റർ ചെയ്യാം. യുവജനങ്ങൾക്ക് ആശയങ്ങൾ, കഴിവുകൾ, നേതൃപാടവം, നൂതനമായ പരിഹാരമാർഗ്ഗങ്ങൾ എന്നിവ ദേശീയ തലത്തിൽ

അവതരിപ്പിക്കാനുള്ള അവസരമാണ് വികസിത് ഭാരത് യംഗ് ലീഡേഴ്സ് ഡയലോഗ്.